## അസംഘടിതമേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിന് നടപടി

76 (1743) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അസംഘടിത മേഖലയിലുള്ള തൊഴിലാളികളുടെ പേര് രജിസ്ട്രേഷൻ നടത്തുവാനും തിരിച്ചറിയൽ കാർഡുകൾ നൽകുവാനുമുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ;

(ബി) സംസ്ഥാനത്തെ അസംഘടിതമേഖലയിലുള്ള തൊഴിലാളികൾ പണിക്കിടയിൽ അപകടപ്പെട്ടു മരിക്കുമ്പോൾ നഷ്ടപരിഹാരം ലഭ്യമാക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിയിട്ടുള്ള വിവിധ ക്ഷേമനിധികളിൽ അംഗങ്ങളാകാനും. അങ്ങനെ അംഗങ്ങളായവർക്ക് ബോർഡുകൾ തിരിച്ചറിയൽ കാർഡുകൾ നൽകുകയും ചെയ്തുവരുന്നുണ്ട്. ഇവരുടെ പേര് രജിസ്റ്റർ ചെയ്യുവാനും തിരിച്ചറിയൽ കാർഡ് നൽകുവാനുമുള്ള പുതിയ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കു വേണ്ടി നടപ്പിലാക്കിയിട്ടുള്ള ക്ഷേമപദ്ധതികളിൽ അംഗങ്ങളായിട്ടുള്ളവർ പ്രസ്തുത പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹരാണ്. കൂടാതെ പണിക്കിടയിൽ അപകടപ്പെട്ടുമരിക്കുമ്പോൾ 1923 – ലെ വർക്ക്മെൻസ് കോമ്പൻസേഷൻ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾക്കും അർഹരാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം

77 (1744) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - സ്പോർട്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരുന്നവരുടെ എണ്ണം എത്രയായിരുന്നു ;

(ബി) ഇപ്പോൾ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) ഈ കാലയളവിൽ എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 30-4-1996 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിരുന്നവരുടെ എണ്ണം 31,08,376 ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏറ്റവും ഒടുവിലത്തെ ലഭ്യമായ കണക്കനുസരിച്ച് 31-12-1999 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം 39,00,641 ആണ്.

(സി) ഈ കാലയളവിൽ (1-5-1996 മുതൽ 31-12-1999 വരെ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 72,039 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

**എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിൽ ആയുർവേദവിഭാഗം ആരംഭിക്കാൻ നടപടി**

**78 (1745)** ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുവത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിൽ ആയുർവേദവിഭാഗം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സ്ഥലം എം. എൽ. എ. യിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ആശുപത്രിയിൽ ആയുർവേദ വിഭാഗം ആരംഭിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) ഈ കാര്യം പരിശോധിച്ചുവരുന്നു.

**ബാലവേലയ്ക്കെതിരെ നിയമഭേദഗതി**

**79 (1746)** ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാലുവയസ്സിൽ താഴെയുള്ള കുട്ടികളെ വീട്ടുവേല ചെയ്യിക്കുന്നതു നിരോധിച്ചുകൊണ്ടുള്ള നിയമഭേദഗതി വരുത്തണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന ഗവൺമെന്റിനോടാവശ്യപ്പെട്ടിരുന്നുവോ ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly